പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2993

28.01.2014-ൽ മറുപടിയ്ക്ക്

## വസ്തുകരം

| ചോദ്യം<br>ശ്രീ.മോൻസ് ജോസഫ് | | മറുപടി<br>ശ്രീ.അടൂർ പ്രകാശ്<br>റവന്യൂവും കയറും വകുപ്പ് മന്ത്രി |
|---|---|---|
| എ) റവന്യൂ വകുപ്പിൽ വസ്തുകരം വർഷങ്ങളോളം അടയ്ക്കാതെ കുടിശ്ശികയായാൽ തുടർന്നുള്ള വർഷങ്ങളിൽ അടയ്ക്കുവാനുള്ള നടപടിക്രമം വ്യക്തമാക്കാമോ; | എ) | വർഷങ്ങളോളം കരം കുടിശ്ശിക വരുന്ന കേസുകളിൽ വസ്തുവിന്റെ ഉടമസ്ഥാവകാശം, കൈവശാവകാശം എന്നിവ ബോദ്ധ്യപ്പെട്ട് വില്ലേജാഫീസർ കരം സ്വീകരിച്ചു വരുന്നു. |
| ബി) വസ്തുകരം അടയ്ക്കുന്നതുമായി ബന്ധപ്പെട്ട് 2013-2014 സാമ്പത്തിക വർഷം തിരുവനന്തപുരം താലൂക്ക് ഓഫീസിൽ എത്ര പരാതികൾ ലഭിച്ചു; ഇവയിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കാമോ; | ബി) | വസ്തുകരം അടയ്ക്കുന്നതുമായി ബന്ധപ്പെട്ട് 2013-2014 സാമ്പത്തിക വർഷം തിരുവനന്തപുരം താലൂക്ക് ഓഫീസിൽ 250-ഓളം അപേക്ഷകൾ ലഭിച്ചു. ടി അപേക്ഷകളിൻമേൽ തുടർനടപടികൾ സ്വീകരിച്ചു വരുന്നു. |
| സി) വസ്തുകരം അടയ്ക്കുന്നതിന് ജനങ്ങൾ അപേക്ഷ നൽകി മാസങ്ങളോളം കാത്തിരിക്കേണ്ടി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവ പരിഹരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | സി) | ഉടമസ്ഥാവകാശം, കൈവശാവകാശം എന്നിവ ബോദ്ധ്യപ്പെട്ട കേസുകളിൽ കാലതാമസം കൂടാതെ കരം സ്വീകരിച്ചു വരുന്നു. |
| ഡി) വസ്തുകരം അടയ്ക്കാത്തവർക്ക് റവന്യൂ വകുപ്പ് ചെറിയൊരു പിഴ ഈടാക്കി ജനങ്ങളുടെ ബുദ്ധിമുട്ട് ഒഴിവാക്കുന്ന കാര്യം പരിഗണിക്കുമോ? | ഡി) | കുടിശ്ശിക വരുന്ന കേസുകളിൽ നിലവിൽ പലിശ ഈടാക്കി കരം സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ